**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.271 — 28.11.2018 ൽ മറുപടിക്ക്

## അടിമാലി താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അടിമാലി താലൂക്ക് ആശുപത്രി വികസനത്തിന് നിലവിലെ സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 823.87 ലക്ഷം രൂപ അടിമാലി താലൂക്ക് ആശുപത്രി വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രവർത്തികൾക്കാണ് തുക അനുവദിച്ചതെന്ന് വിശദമാക്കാമോ; | (ബി) | 1. ഡയാലിസിസ് യൂണിറ്റ് — 360 ലക്ഷം<br>2. ഐ.സി.യൂണിറ്റ് — 376.57 ലക്ഷം<br>3. ഐ.സി.യു.ആംബുലൻസ് — 28.85 ലക്ഷം<br>4. ബ്ലഡ് ബാങ്ക് — 58.45 ലക്ഷം |
| (സി) | പ്രസ്തുത ആശുപത്രിയിൽ പുതിയ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷത്തിലെ മേജർ കൺസ്ട്രക്ഷൻസ് അണ്ടർ ഡി.എച്ച്.എസ്.എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കാഷ്വാലിറ്റി, ജനറൽ വാർഡ് എന്നിവ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 31.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന ആർദ്രം മിഷന്റെ ഭാഗമായി അടിമാലി താലൂക്കാശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ 4-ഉം, ലാബ് ടെക്നീഷ്യന്റെ 2-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്താൻ തിരഞ്ഞെടുത്ത താലൂക്കാസ്ഥാന ആശുപത്രികളുടെ പട്ടികയിൽ അടിമാലി താലൂക്കാസ്ഥാന ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ